**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2755** **13-02-2024 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ചാർജ്ജ് അഡ്വാൻസ് സ്ലാബുകളിൽ സബ്സിഡി നൽകുവാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് നിലവിൽ സബ്സിഡി നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഉപഭോക്താക്കളെ ആകർഷിക്കുവാൻ വൈദ്യുതി ചാർജ്ജിന്റെ വിവിധ അഡ്വാൻസ് സ്ലാബുകളിൽ സബ്സിഡി നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് നിലവിൽ റിബേറ്റ് നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് മുൻകൂറായി അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് നിലവിൽ വൈദ്യുതി ചാർജ്ജിൽ ഇളവുകൾ നൽകി വരുന്നുണ്ട്. ആറുമാസത്തെ വൈദ്യുതി ചാർജ്ജ് ഒരുമിച്ച് അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് റിബേറ്റ് ആയി 2 ശതമാനവും, ഒരു വർഷത്തെ വൈദ്യുതി ചാർജ്ജ് മുൻകൂറായി അടയ്ക്കുന്ന ഉപഭോക്താക്കൾക്ക് 4 ശതമാനവും റിബേറ്റ് നൽകി വരുന്നു. ഇതിനു പുറമേ പിഴയില്ലാതെ വൈദ്യുതി ചാർജ്ജ് അടയ്ക്കേണ്ടുന്ന അവസാന തീയതിക്ക് 5 ദിവസം മുൻപായി വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന എച്ച്.ടി., ഇ.എച്ച്.ടി. വിഭാഗം ഉപഭോക്താക്കൾക്ക് അവരുടെ വൈദ്യുതി ചാർജ്ജിൽ 0.03% ഇളവ് അനുവദിക്കുന്നുണ്ട്. ടി നിരക്കുകളിൽ ഭേദഗതി വരുത്തുന്നതിനുള്ള അധികാരം കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. |

സെക്ഷൻ ഓഫീസർ